**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2541** **12-10-2021 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതിയുടെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലാവ് പദ്ധതി മുഖേന കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവു വിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ളതും ഏഴു വർഷം വാറണ്ടിയുള്ളതുമായ പരിസ്ഥിതി സൗഹൃദ LED തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാനാണ് നിലാവ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട രണ്ടുലക്ഷം തെരുവു വിളക്കുകൾ 2021 ജൂൺ 30 ഓടെ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 411 ഗ്രാമ പഞ്ചായത്തുകളും (PRIs) 35 നഗരങ്ങളും (ULBs) ഉൾപ്പെടെ ആകെ 446 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പൂർത്തിയാക്കുന്നതിലൂടെ പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് മൂലം വൈദ്യുതി ബിൽ ഇനത്തിൽ പ്രതിവർഷം 80 കോടി രൂപ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലാഭിക്കുവാൻ കഴിയും എന്നും കൂടാതെ പ്രതിവർഷം 165 കിലോ ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും 10.5 കിലോഗ്രാം മെർക്കുറി ഭൂമിയിൽ ലയിക്കുന്നത് കുറയ്ക്കുവാനും കഴിയും എന്നും കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ